"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. മീര എൻ. മേനോന് എതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.139/2026/LSGD    തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04/10/2024 ലെ E19-(SC-81/2023/SIU I) 51384/2023/DVACB നമ്പർ കത്ത്.
2. സർക്കാരിന്റെ 25/02/2025 തീയതിയിലെ ഇപിബി2/160/2024/തസ്വഭവ. നമ്പർ കുറ്റപത്രം.
3. ശ്രീമതി മീര എൻ.മേനോൻ 21/04/2025 തീയതിയിൽ സമർപ്പിച്ച പ്രതിവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22/09/2025 തീയതിയിലെ LSGD/PD/10654/2025-VIGA1നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ വാഹനങ്ങളിലെ ഇന്ധന ബില്ലുകളിൽ കൃത്രിമം കാണിച്ച് സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നു എന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരുംകുളം ഗ്രാമപഞ്ചായത്തിലും കള്ളിക്കാട് ഗ്രാമപഞ്ചായത്തിലും 27.06.2024 -ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, കരുംകുളം ഗ്രാമപഞ്ചായത്തിലെ വാഹന ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നതിന് സെക്രട്ടറിയ്ക്കും ഡ്രൈവർക്കും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും, കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ വാഹന ലോഗ് ബുക്കിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്താത്ത കാര്യത്തിന് കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയി ജോലി നോക്കുന്ന ശ്രീമതി മീര എൻ. മേനോൻ, ഡ്രൈവറായി ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ.ഉമേഷ് കുമാർ യു. എന്നിവരിൽ നിന്നും വിശദീകരണം വാങ്ങി ഉചിത അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി.

2. പ്രസ്തുത മിന്നൽ പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

- കള്ളിക്കാട് ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള KL 20 F 4113 വാഹനത്തിന്റെ ബില്ലുകളിൽ കൃത്രിമം കാണിച്ച് സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നു എന്നുള്ള ആരോപണം തെളിയുന്നതിലേയ്ക്ക് ഉപോത്ബലകമായി തെളിവുകളൊന്നും പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലോഗ് ബുക്ക് യഥാവിധി പരിപാലിക്കുന്നില്ല എന്നതാണ് പരിശോധനയിൽ

ബോദ്ധ്യപ്പെട്ടത്.

- FINANCE (INSPECTION NT-F) DEPARTMENT ന്റെ G.O(Ms) No.113/2003/Fin, Dtd 24.02.2003 ഉത്തരവ് പ്രകാരം 3) The controlling Officer will be personally responsible for the proper use, care and maintenance of vehicles under his control എന്നും കൂടാതെ 4) The fuel consumption test of vehicle under his control shall be conducted once in every year എന്നും, Use of vehicles 9 (ii) The controlling Officer /the Officer performing the journey personally responsible to enter the details of places of visit purpose of journey in the log book, before the commencement of the journey. In case where the driver alone commences the journey, pick up an Officer, the driver should enter the purpose of journey, place etc. in the log book before commencement of journey എന്നാണ് പ്രതിപാദിച്ചിട്ടുള്ളത്.

- 2020 ന് ശേഷം വാഹനത്തിന് KMPL ടെസ്റ്റ് നടത്താത്തതും Signature of officer using the vehicle എല്ലായിടത്തും രേഖപ്പെടുത്താത്തതും 01.02.2024 മുതൽ 15.02.2024 വരെ തീയതികളിൽ വാഹനം ഉപയോഗിച്ചതിലേയ്ക്ക് ലോഗ് ബുക്കിൽ തുടർച്ചയായി ഒപ്പ് രേഖപ്പെടുത്താത്തതും 21.05.2024 ന് ശേഷം ലോഗ് ബുക്കിൽ നിർദ്ദിഷ്ട വിവരങ്ങൾ യാതൊന്നും രേഖപ്പെടുത്താത്തതും, G.O(Ms) No. 113/2003/Fin, Dtd 24.02.2003 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ആയതിന് controlling Officer ആയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കൂടാതെ ഡ്രൈവറും ഉത്തരവാദികളാണ്.

3. വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. മീര എൻ മേനോൻ (PEN. 848627)-നെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും, ആയതിന് ശ്രീമതി. മീര എൻ. മേനോൻ പരാമർശം (3) പ്രകാരം എതിർവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. എതിർവാദപത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

*ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് 21.05.2024 മുതൽ യഥാവിധി പരിപാലിച്ചു പോരുന്നില്ല എന്നതാണ് ശ്രീമതി മീരക്കെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രധാന ആരോപണം. ടിയാൾ 17.03.2024 മുതൽ 27.04.2024 വരെ ഇലക്ഷൻ ഡ്യൂട്ടിയിൽ ആയിരുന്നുവെന്നും 28.04.2024 -ൽ തിരികെ ജോലിയിൽ പ്രവേശിച്ച ശേഷം വളരെയധികം ജോലികൾ പെന്റിംഗ് ആയിരുന്ന സാഹചര്യത്തിലുമാണ് ലോഗ് ബുക്കിന്റെ കാര്യം ശ്രദ്ധയിൽപ്പെടാതിരുന്നതെന്നും ഇപ്പോൾ കൃത്യമായി പരിപാലിച്ചു പോരുന്നതായും ആയതിന്റെ പകർപ്പുകൾ ഹാജരാക്കിയിട്ടുള്ളതായും ശ്രീമതി മീര എതിർവാദ പത്രികയിൽ അറിയിച്ചിട്ടുണ്ടെന്നും, പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ടി തീയതിക്ക് മുമ്പും ശേഷവും ലോഗ് ബുക്ക് പരിപാലിക്കുന്നതിൽ വീഴ്ച വന്നിട്ടില്ലാത്ത സാഹചര്യത്തിലും നിലവിൽ കൃത്യമായി പരിപാലിച്ചു പോരുന്ന സാഹചര്യത്തിലും ഇക്കാര്യത്തിൽ ടിയാളെ താക്കീത് നൽകി മേൽ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്നും പ്രിൻസിപ്പൽ*

ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലിക്കുന്നതിൽ സെക്രട്ടറി എന്ന നിലയിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. മീര എൻ മേനോൻ -ന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. എന്നാൽ ആയത്, 17.03.2024 മുതൽ 27.04.2024 വരെ ഇലക്ഷൻ ഡ്യൂട്ടിയിൽ ആയിരുന്നതിനെ തുടർന്നുള്ള ജോലിത്തിരക്ക് മൂലമാണെന്ന ടിയാളുടെ എതിർവാദവും, നിലവിൽ ലോഗ് ബുക്ക് കൃത്യമായി പരിപാലിച്ചു പോരുന്നതും പരിഗണിച്ച്, ഭാവിയിൽ ടിയാളുടെ ഭാഗത്തു നിന്നും മേൽപ്രകാരമുള്ള വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിന് താക്കീത് നൽകി, ശ്രീമതി. മീര എൻ മേനോൻ-ന് എതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി. മീര എൻ. മേനോൻ, സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം.
6. വിജിലൻസ് (ഡി) വകുപ്പ് (27/11/2024 തീയതിയിലെ വിജി.ഡി3/182/2024/വിജി.നമ്പർ കത്ത്).
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/160/2024/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 16-01-2026 13:12:37**
സെക്ഷൻ ഓഫീസർ